

എറണാകുളം മിസ്സൻ

VOL. II. ഫൻവനു No. 7.

വിഷയവിവരം.

	പക്ഷം.
ക. ഇടയലേഖനം	ന൦൦
ഖ. പുതിയ വികാരി ജനറാൾ	ന൦൫
ഗ. കച്ചേരിക്കായ്യം	ന൦൭
ഘ. ശ്രീ. പത്രോസിന്റെ കാശ്ശ്	ന൦൮
ങ. സ്ഥല മാറ്റങ്ങൾ	ന൧൦
ന. വിസീത്ത പ്രോഗ്രാം	ന൧൧

എറണാകുളം മിസ്സം.

Vol. II. ഫൽഗുന. No. 7.

No. 50.

ദൈവകൃപയാലും
ശ്ലീഹായ്ക്കുടുത്ത സിംഹാസനത്തിന്റെ മനോഹ്ലണത്താലും
എറണാകുളം വികാരി അപ്പസ്തോലിക്കായാകുന്ന

നാം

കണ്ടത്തിൽ മാർ ആഹ്ലസ്തീനോസ്

ആരാദ് എന്ന ദിക്കിന്റെ മെത്രാൻ.

നമ്മുടെ അധികാരത്തിൽപെട്ട പള്ളികളിലെ ബ. വികാരിമാക്കും,
അസിസ്റ്റന്തിമാക്കും, ശേഷം പട്ടക്കാക്കും, കൊവേന്തകളുടെ
ബ. ശ്രേഷ്ഠന്മാക്കും, മറു സന്ന്യാസാന്തസ്സുകാക്കും,
വിശ്വാസികൾ എല്ലാവക്കും നമ്മുടെ കർത്താവീ
ശോമ്ശിഹായിൽ സുസ്ഥതയും വാഴ്വും.

ബ. സഹോദരരെ, പ്രിയ മക്കളെ,

ശ്ലൂ. യോഹന്നാൻ മാംദാനാ നമ്മുടെ കർത്താവിനുമുമ്പായി വന്ന് ഇസ്രായേൽ ജനത്തോട് കർത്താവിനായി വഴീനന്നാക്കുവിൻ എന്നു വിളിച്ചറീച്ച പ്രകാരം ശ്ലൂ. പള്ളിയും നമ്മളൊട്ട ഇതാ കർത്താവു വരാൻ പോകുന്നു, നമ്മുടെ രക്ഷനാഥന്റെ ആഗമനദിവസം അടുത്തുവരുന്നു, ആകയാൽ നിങ്ങൾ ഒരുങ്ങിയിരിപ്പിൻ, കർത്താവിന്റെ വരവിന്നായി വഴികളെ നന്നാക്കിയും ശുദ്ധിയാക്കിയും ഇടുവിൻ എന്നു വിളിച്ചുപറയുന്നതായിട്ടാണ് "ഇരുപത്തഞ്ചുനോമ്പു" എന്നു നമ്മൾ സാധാരണ വിളിച്ചുവരുന്ന ഈ ആഗമനകാലത്തിൽ വിചാരിക്കേണ്ടതു്. ഒരു മഹാരാജാവൊ എമ്പ്രദോരൊ നമ്മുടെ സ്ഥലത്തേക്കു എഴുന്നെള്ളുന്നു എന്നു കേട്ടാൽ നാം എത്ര ദിവസം മുൻ

കൂട്ടി അതിനായി വേണ്ട ഒരുക്കങ്ങൾ ചെയ്യും? എന്നാൽ ഇപ്പോൾ ഏ
ഴന്നെള്ളി വരാനിരിക്കുന്നതു മഹാരാജാക്കന്മാരേയും എമ്പ്രദോരന്മാരേയും
ലോകത്തിലുള്ള സകലത്തേയും ഭരിക്കുന്ന രാജാക്കന്മാരുടെ രാജാവും നമ്മ
ളെ എല്ലാവരേയും രക്ഷിക്കാനും ശിക്ഷിക്കാനും ശക്തിയുള്ള സർവ്വല്ലഭനാ
യ സർവേശ്വരനും ആകുന്നു എന്നു വിചാരിക്കുമ്പോൾ അവിടുത്തെ കൈ
ക്കൊള്ളുന്നായി എത്ര വലിയ ഒരുക്കങ്ങൾ ചെയ്താലും അതു അധികമായി
പ്പോയി എന്നുവരുമൊ? ഒരു കർത്താവ് ഈ ഭൂമിയിൽ പിറക്കുന്നതിനു മുമ്പ്
നാലായിരം കൊല്ലത്തോളം ഓരോവിധത്തിൽ ദൈവം തന്നെ തന്റെ ജ
നത്തെ ഒരുക്കിക്കൊണ്ടുവരികയാണ് ചെയ്തത് എന്നോർക്കുന്നെങ്കിൽ നാം
ഏതുപ്രകാരം ഇതിനു തയ്യാറാകണം എന്നു ഗ്രഹിക്കാവുന്നതാണ്. എ
ങ്ങനെയാണ് ഇതിനു ഒരുങ്ങേണ്ടതെന്നു അറിവിക്കാനായി ശ്ലീ. പള്ളി നമ
ക്കു അടുത്ത (ഡിസംബർ) ഫാംതീയ്യതി മുതൽ നോമ്പുദിവസങ്ങളായി നി
ശ്ചയിച്ചിട്ടുണ്ട്. ആകയാൽ നമ്മൾ നോമ്പും ഒരുനേരവും ആചരിച്ചും
പ്രായശ്ചിത്തങ്ങൾ മുതലായവ ചെയ്തും നമ്മുടെ ഹൃദയത്തെ തയ്യാറാക്കി ക
ർത്താവിനെ സന്തോഷപൂർവ്വം കൈക്കൊള്ളുന്നതിനുള്ള വലിയ ആഗ്ര
ത്തോടു കൂടി ഈ ദിവസങ്ങൾ കഴിക്കണം.

എന്നാൽ ഇപ്പോൾ ഈ വിധം തയ്യാറായി നമ്മൾ കർത്താവിനെ
കൈക്കൊള്ളാഞ്ഞാൽ ഇനിയത്തെ വരവിൽ — അതായതു ലോകാവസാ
നത്തിൽ — അവിടുന്നു ഭയങ്കരവിധിമാളനായി നരകത്തിലേക്കു നമ്മളെ
ശപിച്ചുവിടുന്നതായിരിക്കും എന്നു ഓർക്കുന്നതിനു ശ്ലീ. പള്ളി ഈ നോ
മ്പിന്റെ ഒന്നാംഞായറാഴ്ച കർത്താവു വിധിക്കാൻവരുന്ന കാഴ്ചയെപ്പറ്റി
യുള്ള എവൻഗേലിയോനാണ് വായിക്കാൻ നിശ്ചയിച്ചിരിക്കുന്നതു്. ബ.
സഹോദരരെ, പ്രിയ മക്കളെ, ഈ വിധിദിവസത്തെക്കുറിച്ചു ശരിയായി ചി
ന്തിക്കുന്ന ആരാണ് ഭ്രമിക്കാതിരിക്കുന്നതു്? നമ്മൾ അനേകം പാപങ്ങളെ
ചെയ്തുപോയിട്ടുണ്ടെന്നുള്ള സംഗതി നിശ്ചയമാണ്. എന്നാൽ ഇവയ്ക്കു
എല്ലാറ്റിനും പൊറുതി കിട്ടിയെന്നു യാതൊരുവക സംശയത്തിനും ഇടയി
ല്ലാത്തവിധം പൂർണ്ണനിശ്ചയത്തോടു കൂടി ഉറപ്പായി പറയാൻ ആർക്കു പാടു
ണ്ടു? സ്നേഹത്തിന്നൊ ദ്വേഷത്തിന്നൊ പാത്രമാവാൻ എന്നു മനുഷ്യനു അ
റിഞ്ഞുകൂടായെന്നു് വേദപുസ്തകത്തിൽ അരുളിച്ചെയ്തിരിക്കുന്നു. (Eccles
IX, I). ആകയാൽ ഇപ്പോൾ നമ്മളെ രക്ഷിക്കുന്നതിനായിട്ടും നമുക്കു വേ
ണ്ടുന്ന എല്ലാവിധ നന്മകളെ ധാരാളമായി തരുന്നതിനായിട്ടും എഴുന്നെള്ളി
വരുന്ന ഈ ദൈവത്തെ സന്തോഷപൂർവ്വവും സ്നേഹത്തോടു കൂടിയും കൈ
ക്കൊള്ളുന്നതിനു നാവും നമസ്കാരവുംകൊണ്ടു ഒരുങ്ങണം. അന്നു കർത്താ

അന്റെ പരിശുദ്ധ അമ്മയിൽനിന്ന് പിറന്നതുപോലെ ഇപ്പോൾ വീണ്ടും ജനിക്കുന്നില്ല. എന്നാൽ നമ്മുടെ ഹൃദയത്തിൽ ആത്മീയമായി കർത്താവു അങ്ങെ ദൈവവരപ്രസാദത്താൽ എഴുന്നെള്ളുന്നു. നമ്മൾ ലോകമൊക്കയോട് കൂടി വളരെ ആഹ്ലാദപൂർവ്വം കൊണ്ടാടുന്ന അടുത്തുവരുന്ന പിറവിത്തിരുനാളിൽ ആ കർത്താവു അങ്ങെ ദൈവപ്രസാദത്താൽ നമ്മുടെ ഹൃദയത്തിൽ എഴുന്നെള്ളുന്നില്ലായെങ്കിൽ പുറമെയുള്ള ഈ ആഹ്ലാദങ്ങൾകൊണ്ട് എന്തു പ്രകാരം? ഉണ്ടു ഈശോ നിങ്ങളുടെ ഓരോരുത്തരുടെയും ആത്മാവിൽ അങ്ങെ ദൈവീകനന്മകളാൽ പിറന്നു ജീവിക്കണം. അങ്ങെ എളിമയേയും സാധുശീലത്തേയും സ്നേഹത്തേയും നമുക്കു തന്നുകൊണ്ട് ഈശോമ്ശിഹാ നമ്മളിൽ ജീവിക്കണം. നമ്മുടെ ശക്തിയും, ധൈര്യവും, ആശ്വാസവും, സന്തോഷവും, ധനവും, നമ്മുടെ ആയുസ്സും സർവ്വസ്വവും ഈശോമ്ശിഹായാകുന്നു എന്നു പ്രവൃത്തിയിൽ കാണിക്കുമ്പോൾ മ്ശിഹാ നമ്മളിൽ ഉണ്ടെന്നു ഉറച്ചിരിക്കാവുന്നതാണ്. ആകയാൽ ഇതേവരെയുള്ള നിങ്ങളുടെ പ്രവൃത്തികളെക്കുറിച്ചു ആത്മശോധന ചെയ്തു നോക്കുവിൻ. വന്നു പോയിട്ടുള്ള തെറ്റുകളെക്കുറിച്ചു പശ്ചാത്തപിക്കയും നിശ്ചയത്തോടും അഹംഭാവത്തോടും കൂടി പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ എളിമയാകുന്ന പുണ്യകെട്ടിടത്തിന്റെ അടിസ്ഥാനം എന്നു കരുതി മേലിൽ വ്യാപരിക്കയും, മറ്റുള്ള വക്കു ഏതുവിധത്തിലെങ്കിലും നാശമൊ അപമാനമൊ ദുഃഖമൊ വരുത്തിയിട്ടുണ്ടെങ്കിൽ അവയ്ക്കു വേണ്ട പരിഹാരം ചെയ്കയും, സഹോദരസ്നേഹത്തിൽ വർത്തിക്കയും, ദ്രവ്യസമ്പത്തു് എന്നുള്ള ഏകവിചാരത്തോടു കൂടി പ്രവർത്തിച്ചിട്ടുള്ളവർ ധർമ്മംകൊണ്ടും ദൈവരാജ്യത്തിന്റെ വിചാരംകൊണ്ടും സകല ഭാഗ്യങ്ങളാൽ സമ്പൂർണ്ണമായ മോക്ഷത്തിന്നായി ജീവിക്കയും ശുദ്ധതയുടെ രാജാവിന്റെ മക്കളാകുന്ന നമ്മൾ എന്നോർത്തു അശുദ്ധതയെ പൂർണ്ണഹൃദയത്തോടു കൂടി ഉപേക്ഷിക്കയും ചെയ്തുകൊണ്ടും നടക്കുവിൻ. ഇതാകുന്നു കൈക്കൊള്ളപ്പെട്ട സമയം, ഇതാകുന്നു നന്മയുടെ ദിവസം എന്നോർത്തു, നാളെയാകട്ടെ എന്നുവെച്ചു നീട്ടാതെ ഉടനെ ശരിയായ ജീവിതം തുടങ്ങുകയും ചെയ്യണമെന്നു നാം ബലമായി ഗ്രഹിക്കുന്നു.

ബ. സഹോദരരെ, പ്രി. മക്കളെ,

കർത്താവിനെ ചെന്നു ആരാധിക്കുന്നതിനു മാലാഖമാർ സന്തോഷപൂർവ്വം പാവപ്പെട്ട ഇടയന്മാരെക്ഷണിച്ചതുപോലെ പാവപ്പെട്ടവരും വേലക്കാരുമായ ഇടത്തുട്ടുകാരെയും അജ്ഞാനികളെയും കർത്താവിന്റെ പക്കലേക്കു ഈ അവസരത്തിൽ ക്ഷണിച്ചുകൊണ്ടുവരേണ്ട ഒരു കടമയും നിങ്ങൾക്കുള്ളതുപോലെ വിചാരിക്കണം. നമ്മളുടെ പാപങ്ങളാൽ മ്ശിഹായ്ക്കു വരു

ത്തിയ അപമാനത്തിനും ദുഃഖത്തിനും പരിഹാരമായി പാവപ്പെട്ട അജ്ഞാനികളും മറവും ചെന്ന അവിടത്തെ സ്തുതി പാടട്ടെ. ഒരു വീട്ടിലുള്ളവർ എല്ലാവരും കൂടി ഒരാത്മാവിനെ തിരിച്ചു എങ്കിൽ — കത്താവിന്റെ തുപ്പുദത്തിങ്കൽ ഒരാത്മാവിനെ കൊണ്ടുചെന്ന എന്നു വരികിൽ — ആ വീട്ടുകാർക്കു എത്ര വലിയ നന്മകളായിരിക്കും കത്താവു കൊടുക്കുന്നതു! ഇതിനു പ്രത്യേകവിധത്തിൽ ശ്രമിക്കുന്ന പട്ടക്കാർക്കുള്ള സമ്മാനം എത്ര വലുതായിരിക്കും! ആകയാൽ യാക്കോബായക്കാരാദിയായ പാവപ്പെട്ട ഇടത്തുട്ടുകാരിൽനിന്നൊ, ഹീനർ എന്നു കരുതിപ്പോരുന്ന പുലയർ മുതലായവരിൽനിന്നൊ തന്നെ ആയാലും ആരെയെങ്കിലും ഈ അവസരത്തിൽ മാനസാന്തരപ്പെടുത്തി കാഴ്ചയായി കത്താവിനു കൊടുക്കണമെന്നും നാം പ്രത്യേകം ഗുണദോഷിക്കുന്നു. ഈ മിസ്സത്തിലെ വേദപ്രചാരസംഘത്തിന്റെ കായ്മും കുറെക്കൂടി ഉത്സാഹത്തിൽ നടത്തിക്കൊണ്ടു പോകുന്നതിനു പ്രത്യേക താല്പര്യംവെക്കയും ചെയ്യണം. ഈ മാസത്തിൽ ഈ സംഘത്തിന്റെ മദ്ധ്യസ്ഥന്മാരായ ശ്ര. തോമ്മാശ്ലീഹായുടെയും ശ്ര. ശെമ്മയ്ക്കാർപുണ്യവാന്റെയും തിരുനാളുകളും കൂടി വരുന്നതിനാൽ ഇക്കായ്ത്തിൽ ഒരുണർച്ചയും ഊർജിതയും ഈ അവസരത്തിൽ കാണിക്കണമെന്നും കൂടി ഓർപ്പിക്കുന്നു.

മേൽപറഞ്ഞപ്രകാരം ശരിയായ ക്രിസ്തീയജീവിതം തുടങ്ങുന്നതിനു ഒരു നല്ലകുമ്പസാരം ആവശ്യമാണ്. ആകയാൽ കൈക്കൊള്ളപ്പെട്ട ഈ ദിവസങ്ങളിൽ എല്ലാവരും കുമ്പസാരിച്ചു ശ്ര. കുർബാന കൈക്കൊള്ളണമെന്നു നാം ബലമായി ഗുണദോഷിക്കുന്നു. ഇതിൽനിന്നു പ്രത്യേകഫലങ്ങളും ഉണ്ടാകുന്നതിനായി ശ്ര. സിംഹാസനത്തിൽനിന്നു നമുക്കു കിട്ടിയിരിക്കുന്ന വിശേഷ അധികാരപ്രകാരം, ഈ ഡിസംബർ മാസം ഉദ്ദിശംനായ പിറവി തിരുനാൾ ഉൾപ്പടെയുള്ള ഏതെങ്കിലും ഒരു ദിവസം കുമ്പസാരിച്ചു ശ്ര. കുർബാന കൈക്കൊള്ളുന്നവർക്കു മുഴുവൻദോഷപൊറുതിയും കല്പിച്ചു തരികയും ഈ അവധിക്കകത്തു കുമ്പസാരിപ്പിക്കുന്ന ബ. വികാരിമാർക്കും അസിസ്റ്റെന്തിമാർക്കും കൊവേന്തകളുടെ ശ്രേഷ്ഠന്മാർക്കും ഈ മിസ്സത്തിൽ പിടിക്കപ്പെട്ട ദോഷങ്ങൾ പോക്കുന്നതിനും, ആണ്ടുകുമ്പസാരം മുടക്കമുണ്ടായിരുന്നാൽ ഈ മുടക്കംസംബന്ധിച്ചു വിശേഷപ്രായശ്ചിത്തങ്ങളിൽനിന്നു ഒഴിവു കൊടുക്കുന്നതിനും നാം ഇതിനാൽ അനുവദിച്ചിരിക്കുന്നു. എന്നാൽ തിരിച്ചുള്ള കല്പനയാൽ ആരെയെങ്കിലും മുടക്കീട്ടുണ്ടെങ്കിൽ അതിനു തിരിച്ചുള്ള കല്പന ആവശ്യമാണ്.

ഇങ്ങനെ ഹൃദയശുദ്ധിയോടും സമാധാനത്തിലും എത്രയും പ്രിയമുള്ള ഈ കത്താവിനെയും അങ്ങെ പ്രസാദങ്ങളെയും കൈക്കൊണ്ടു മേലിൽ എ

പ്പോഴും ദൈവത്തോടും അന്യരോടും, മാലാഖമാർ അറിയിച്ച ആ സമാധാനത്തിൽ ജീവിതം നയിക്കുന്നതിനു വേണ്ടുന്ന നന്മകൾ നിങ്ങൾക്കെല്ലാവർക്കും തരട്ടെ എന്നു ഉണ്ണി ഈശോയോടു അപേക്ഷിച്ചുകൊണ്ട് കത്താവിൽ സമാധാനത്തിന്റെ വാഴ്ച്ച് ബാവായുടെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങൾക്കു നാം ഹൃദയപൂർവം തരുന്നു.

N. B. ഈ ലേഖനം അടുത്ത രണ്ടു കുർബാനയുള്ള ദിവസം പള്ളിയിൽ വായിക്കണം.

എന്നു,

എറണാകുളത്തു നിന്നും ഫെബ്രുവരി നവമ്പർ മാസം-ാം തീയതി.

എറണാകുളം വികാരി അപ്പസ്തോലിക്ക

കണ്ടത്തിൽ അഗുസ്തീനോസു മെത്രാൻ.

————:o:————

II.

No 51.

നമ്മുടെ വികാരിജനറാളായി നെടുങ്കല്ലേൽ പെ. ബ. തോമാ കത്തനാരെ നാം നിശ്ചയിച്ചിരിക്കുന്നു.

എന്നു,

എറണാകുളത്തുനിന്നും, ഫെബ്രുവരി ഡിസമ്പർ മാസം-ാം തീയതി

എറ. വി. അ. കണ്ടത്തിൽ അഗുസ്തീനോസു് മെത്രാൻ.

✠ ꟾꟾꟾ

No. 49.

കച്ചേരിക്കായ്മം.

൧. നമ്മുടെ മിസ്സത്തിലുള്ള സകല പള്ളികളിൽനിന്നും അതാതുപ
ള്ളികളിലെ പ്രധാനതിരുനാളിന്റെ ഏതു ദിവസം മുമ്പ് പള്ളിത്തിരട്ടം ഫീ
സ്സും ആത്മകായ്മം വക തിരട്ടം, ദർശന തിരുനാളിന്റെ മുമ്പ് ദർശനത്തിരട്ടം
ഫീസ്സും, നമ്മുടെ കച്ചേരിയിൽ അയച്ച അനുവാദം വാങ്ങിയല്ലാതെ തിരുനാ
ൾ തുടങ്ങിക്കൂടാ. തിരട്ടോട് കൂടി ആണ്ടുതിരട്ടിന്റെയും അതിന്റെ ശേഷ
മുള്ള സാധനത്തിന്റെയും പിരിയേണ്ടും കുറികൾ മുതലായവയുടെയും ശ
രിപകർപ്പ് വികാരിയും മറും ഒപ്പു വച്ചു ഹാജരാക്കണം.

൨. ഈ കച്ചേരിയിൽ ബോധിപ്പിക്കുന്ന ഏതുതരത്തിലുള്ള ഹർജി
കളും മുഴുവൻകടലാസിൽ എഴുതി പകർപ്പുസഹിതം ഹാജരാക്കേണ്ടതും,
ഹാജരാക്കുന്ന രണ്ടു പ്രതികളിലും ഒപ്പിട്ടിരിക്കേണ്ടതുമാകുന്നു. കല്പനയ്ക്കു
സ്ഥലവും ഇട്ടിരിക്കണം.

൩. കച്ചേരിയിൽ ഹാജരായി ബോധിപ്പിക്കാത്ത അത്മേനികളുടെ
ഹർജികൾ അവയിൽ പറയുന്ന പേരുകാരുടേതാണെന്നെങ്കിലും ഒരു പട്ട
ക്കാരന്റെ സാക്ഷിയോട് കൂടിയതായിരിക്കണം. ഇപ്രകാരമല്ലാതെ വരു
ന്ന ഹർജികൾ ഹർജിക്കാരന്റെതുതന്നെയെന്നു മറുവഴിക്കു കച്ചേരിക്കു
ബോദ്ധ്യമാകാത്തപക്ഷം സ്വീകരിക്കപ്പെടുന്നതല്ല.

൪. മുമ്പു കല്പനയുണ്ടായിട്ടുള്ള വല്ല സംഗതിയെപ്പറ്റിയും ആരെങ്കി
ലും ബോധിപ്പിക്കുമ്പോൾ മുൻകല്പനയുടെ നമ്പരും തീയ്യതിയും കാണിച്ചി
രിക്കണം.

൫. മുൻകല്പനയെ മറച്ചുവെച്ചുകൊണ്ടോ കളവായി വല്ലതും ബോ
ധിപ്പിച്ചുകൊണ്ടോ വല്ല കല്പനയും വാങ്ങിച്ചാൽ കായ്മം തെളിയുമ്പോൾ ക
ല്പന റദ്ദാക്കപ്പെടുന്നതും അങ്ങനെ കല്പന വാങ്ങിക്കുന്നവർ ശിക്ഷിക്കപ്പെ
ടുന്നതുമാകുന്നു.

൬. തപാലൊ അഞ്ചലൊ മാഗ്ഗമായി അയക്കുന്ന ഹർജികൾക്കു മ
റുപടി അയക്കുന്നതിനു വേണ്ട സ്റ്റാമ്പു അടക്കംചെയ്തിട്ടില്ലാത്തപക്ഷം മറു
പടി അഞ്ചലിലൊ തപാലിലൊ കിട്ടുമെന്നു ആശിച്ചിരിക്കേണ്ടതല്ല. ക്ലൃ
പ്തി തീരാത്ത കത്തുകൾ കച്ചേരിയിൽ സ്വീകരിക്കപ്പെടുന്നതുമല്ല.

൬. പള്ളിയേയൊ പള്ളിക്കടുത്ത സ്ഥാപനങ്ങളേയൊ വൈദികരേയൊ അനാഥരേയൊ കായ്ങ്ങൾ നടത്താൻ ആളില്ലാത്ത വിധവകളേയൊ മറ്റൊ സംബന്ധിക്കുന്ന വയല്ലാത്ത മുതൽ എടപെട്ട കേസ്സുകൾ ഈ കച്ചേരിയിൽ സ്വീകരിക്കപ്പെടുന്നതല്ല.

൭. എന്നാൽ വാദപ്രതിവാദമുള്ള കേസിന്റെ വിചാരണക്കും മറ്റും വേണ്ടി വരുന്ന ചിലവിനു മതിയായ സംഖ്യ കെട്ടിവച്ചതിനു ശേഷമല്ലാതെ ഈ കച്ചേരിയിൽനിന്നും വിചാരണ ആരംഭിക്കുന്നതല്ല.

൮. വൈദീകാന്തസ്സുകാരെപ്പറ്റി കളവായും അകാരണമായും ആരെങ്കിലും കുറ്റാരോപണം ചെയ്യുന്നപക്ഷം അതു കളവാണെന്നൊ മറ്റൊ തെളിയുന്നതായിരുന്നാൽ ഹർജിക്കാരൻ കഠിനമായി ശിക്ഷിക്കപ്പെടുന്നതാണ്.

൯. വികാരിമാരുടെ മാറ്റത്തെക്കുറിച്ച് അത്മേറികൾ ബോധിപ്പിക്കുന്ന ഹർജികൾ സ്വീകരിക്കപ്പെടുന്നതല്ല.

൧൦. നമ്മുടെ കച്ചേരിയിൽ ബോധിപ്പിച്ച് സങ്കടനിവർത്തി വരുത്തുവാൻ പാടുള്ള സംഗതികളിൽ ഇങ്ങനെ ചെയ്യാതെ മറു മാർഗ്ഗങ്ങൾ നോക്കുന്നതു മൂലം പള്ളിക്കൊ മറ്റൊ ഏതെങ്കിലും നഷ്ടം വരുത്തുന്നതായാൽ ആ നഷ്ടം പള്ളിമുറ്റുള്ള കാരണക്കാരിൽനിന്നു ഈടാക്കുന്നതാണ്.

൧൧. ഏതെങ്കിലും ഒരു കായ്ത്തെപ്പറ്റി നമ്മുടെ കച്ചേരിയിൽനിന്നുണ്ടായ കല്പനകളും പള്ളിറിക്കാട്ടുകളും കോടതിയിൽ ഹാജരാക്കുന്നതിനു ക്രമപ്രകാരം മുൻകൂട്ടി ഈ കച്ചേരിയിലെ അനുവാദം വാങ്ങേണ്ടതാണ്.

൧൨. വിശ്വാസത്തേയും വേദത്തേയും സംബന്ധിക്കാത്തവയും വൈദികരൊ വൈദികസ്ഥാപനങ്ങളൊ പ്രതികളല്ലാത്തവയും തിരുസ്സഭയുടെയൊ മിസ്സത്തിലേയൊ ചട്ടങ്ങൾക്കും മറ്റും വിരോധമല്ലാത്തവയും ആയ ക്രിമിനാൽകേസ്സുകൾ ഈ കച്ചേരിയിൽ എടുക്കുന്നതല്ല.

൧൩. വൈദീകർ നമ്മുടെ കച്ചേരിയിൽ ബോധിപ്പിക്കുന്ന സാധനങ്ങളിൽ അവരുടെ ഉദ്യോഗപ്പേരും വീട്ടുപേരും പേരും വ്യക്തമായി എഴുതിയിരിക്കേണ്ടതും സുറിയാനിഭാഷയിൽ ഒപ്പിട്ടിരിക്കേണ്ടതുമാകുന്നു.

൧൪. കച്ചേരിക്കായ്വും തനതുകായ്വും ഒരേകടലാസ്സിൽതന്നെ എഴുതിക്കൂടാ. കച്ചേരിക്കായ്ംതന്നെ പലതുള്ളപ്പോൾ വെവ്വേറെ നമ്പരിട്ടിരിക്കണം.

൧൩. നമ്മുടെ വികാരിജനറാൾ വല്ല അനുവാദവും നിഷേധിച്ചതിന്റെ ശേഷം ആ സംഗതി വെളിപ്പെടുത്താതെ അതേപ്പറ്റിതന്നെ നമ്മെ ബോധിപ്പിച്ച അനുവാദം വാങ്ങിച്ചാൽ അതു സാധുവാകുന്നതല്ല. അപ്രകാരം തന്നെ നാം നിഷേധിച്ച ഒരു അനുവാദം നമ്മുടെ വികാരിജനറാളിൽനിന്നോ മറ്റാരാ നമ്മുടെ സമ്മതം കൂടാതെ വാങ്ങിക്കുന്നതായാൽ ഇതും സാധുവാകുന്നതല്ല.

൧൪. കച്ചേരി നടത്തുന്ന സമയം കാലത്തു പത്തു മണി മുതൽ പന്ത്രണ്ടേകാൽ മണി വരെയും, ഉച്ചകഴിഞ്ഞു മൂന്നര മണി മുതൽ അഞ്ചര മണി വരെയും, ആകുന്നു.

൧൫. കച്ചേരിദിവസങ്ങളിൽ കാലത്തു പത്തുമണി മുതൽ പതിനൊന്നു വരെയും ഉച്ച കഴിഞ്ഞു മൂന്നര മുതൽ അഞ്ചര വരേയും ആവശ്യമുണ്ടെങ്കിൽ നമ്മെ തനിച്ചുകാണാൻ സൌകര്യമുണ്ടായിരിക്കും.

൧൬. സാധാരണമായി കച്ചേരിദിവസങ്ങളിൽ കാലത്തു ൧൧ മണി വരെ മാത്രമെ ഹർജികൾ എടുക്കുകയുള്ളൂ.

൧൭. താഴെപറയുന്ന ദിവസങ്ങളിൽ കച്ചേരി ഒഴിവായിരിക്കുന്നതിനാൽ ഹർജികൾ സ്വീകരിക്കുന്നതല്ല.

(a) ആണ്ടടക്കമുള്ള എല്ലാ കടമുള്ള ദിവസങ്ങളും മാസത്തിന്റെ ആദ്യ വെള്ളിയാഴ്ചകളും, എല്ലാ ശനിയാഴ്ചകളും തിരുഹൃദയത്തിന്റെ തിരുനാൾദിവസവും,

(b) ഡിസംബർ ൨൫ മുതൽ ദൈനഹാവരെയും ഓശാന ഞായാറാഴ്ച മുതൽ നമ്മുടെകർത്താവിന്റെ സ്വർഗ്ഗാരോഹണത്തിരുനാൾവരെയും,

(c) മെത്രാനച്ചന്റെ നാമധാരിയായ പുണ്യവാന്റെ തിരുനാളും (ആഗസ്റ്റ് ൨൭) തിരിഞ്ഞെടുപ്പു (ആഗസ്റ്റ് ൨൯) ദിവസവും മെത്രാനായി അഭിഷേകംചെയ്യപ്പെട്ട (ഡിസംബർ ൩) ദിവസവും.

൧൮. കച്ചേരിക്കായ്മായി ബോധിപ്പിക്കുന്ന സകല ഹർജികളുടെയും മേൽവിലാസം "നി. വ. ദി. ശ്രീ. എറണാകുളം വികാരി അപ്പസ്തോലിക്കാ മെത്രാനച്ചൻ അവർകളുടെ കച്ചേരിയിലേക്കു" എന്നു എഴുതിയിരിക്കേണ്ടതാണ്. അല്ലാത്തപക്ഷം അത്യാവശ്യപ്പെട്ട കായ്ങ്ങളാണെങ്കിലും മറുപടിക്കു താമസംവരാവുന്നതാണ്.

൨൨. ഈ കച്ചേരിയിൽനിന്നു വരുന്ന കല്പന മുതലായവ മേൽവി
ചാരക്കാർ സ്വീകരിക്കേണ്ടതും കൂലിരീതിയുള്ളവയാണെങ്കിൽ കൂലികൊടു
ത്തു വാങ്ങിക്കേണ്ടതും തനതുകാര്യമായിരുന്നാൽ ഫർജിക്കാരിൽനിന്നും അ
ല്ലാത്തപക്ഷം പള്ളിയിൽനിന്നും കൂലി ഈടാക്കേണ്ടതുമാണ്.

൨൩. അപ്പീൽ ബോധിപ്പിക്കാനുണ്ടെങ്കിൽ വിധി പ്രസ്താവിക്ക
പ്പെട്ട ശേഷം പത്തുദിവസത്തിനകം ബോധിപ്പിച്ചുകൊള്ളേണ്ടതാണ്.

N. B. ബ. വികാരിമാർ മേല്പറഞ്ഞവ ജനങ്ങളെ വിവരമായി പറ
ഞ്ഞു് അറിയിച്ചുകൊള്ളണം.

എന്നു, എറണാകുളത്തുനിന്നും, ൧൯൨൩ നവമ്പർ ൧൬-൦൩.

എറണാകുളം വികാരി അപ്പസ്തോലിക്ക
കണ്ടത്തിൽ ആഗുസ്തീനോസു് മെത്രാൻ.

✠ [illegible]

പത്രോസിന്റെ കാര്യം.

:o:

൧൯൨൩–ലെ പിരിവു്.

അങ്കമാലി ഡിവിഷ്യൻ.

	ക.	ണ.	സ.		ക.	ണ.	സ.
അങ്കമാലി	൨	൫	൦	മേലൂർ	൩	൦	൦
അകപ്പറമ്പു്	൪	൧൨	൦				
എള്ളർ	൦	൦	൦		ആരക്കുഴ.		
കറുകുറ്റി	൩	൧൧	൫				
കിടങ്ങൂർ	൨	൦	൦	ആരക്കുഴ	൯	൦	൦
കൊരട്ടി	൪	൦	൦	അരിക്കുഴ	൧	൫	൦
തൊറൂർ	൧	൦	൦	ആയന	൦	൦	൦
മഞ്ഞപ്ര	൩	൧൪	൦	കല്ലുക്കാട്ടു്	൫	൦	൦
മൂക്കന്നൂർ	൧	൦	൦	കാരക്കുന്നം	൩	൦	൦
മൂഴിക്കുളം	൨	൩	൦	കോതമങ്ങലം	൧൩	൫	൦

തുപ്പണിത്തുറ

	ക.	ണ.	സ.
തുപ്പണിത്തുറ	൪൫	൯	൫
ആമ്പല്ലൂർ	൪	൦	൦
എടയ്ക്കാട്ടുവയൽ	൦	൦	൦
ഉദിയംപേരൂർ (പഴയ)	൦	൦	൦
ഉദിയംപേരൂർ (പുത്തൻ)	൪	൱	൦
കണ്ടനാട്	൩൱	൪൱	൫
കീഴ്ച്ചേരി	൦	൦	൦
കുമ്പളം	൨	൱	൦
കോണത്തുത്തി	൨	൯	൦
പെരുമാനൂർ ലൂട്ട്	൪	൦	൦
തെക്കൻപറവൂർ	൨	൦	൦
പുതിയകാവു	൨	൱	൦

പള്ളിപ്പുറം.

പള്ളിപ്പുറം	൪൦	൦	൦
എഴുപുന്ന	൦	൦	൦
ഉഴുക	൩	൯	൦
കാവിൽ	൯	൦	൦
കുന്നുംപുറം	൪	൦	൦
കൊക്കമങ്ങലം	൦	൦	൦
ചാലി	൱	൦	൦
തൈയ്ക്കാട്ടശ്ശേരി	൫൯	൦	൦
പാണാപള്ളി	൨	൦	൦
മുട്ടം	൩൯	൱	൩

പറവൂർ.

പറവൂർകൊട്ടുക്കാവു	൧	൦	൩
ആലങ്ങാട്	൫	൦	൦
കടമക്കുടി	൩	൦	൦

അരക്കഴ. (തുടച്ച്)

	ക.	ണ.	സ.
തോട്ടക്കര	൯	൦	൦
നെല്ലിമറ്റം	൨	൦	൦
പെരിങ്ങൊഴ	൫	൦	൦
പോത്താനിക്കാട്	൦	൯	൦
മഞ്ഞപ്പ്ര	൦	൦	൦
മാറിക	൩	൨	൦
മൂവ്വാറ്റുപുഴ	൯	൪൦	൦
വാഴക്കുളം	൯	൪൯	൦

എടപ്പിള്ളി.

എടപ്പിള്ളി	൯	൦	൦
എറണാകുളം	൫	൦	൦
ആലുവാ	൩	൦	൦
കിഴക്കമ്പലം	൩	൪൨	൦
ചുണങ്ങംവേലി	൭	൦	൦
തുണ്ടത്തുംകടവു്	൦	൦	൦
പള്ളത്തുത്തി	൨	൭	൦
പുത്തമ്പള്ളി	൪൨	൦	൦

കാഞ്ഞൂർ.

കാഞ്ഞൂർ	൬	൱	൦
എടാട്ടു്	൦	൦	൦
കുറുപ്പംപടി	൪	൩൱	൪൦
കൈപ്പട്ടൂർ	൩൨	൦	൦
കൊറമത്തി	൦	൦	൦
ചേരാനല്ലൂർ	൦	൦	൦
ചൊവ്വര	൩	൩	൨
പുല്ലുവഴി	൦	൦	൦
മലയാറ്റൂർ	൱	൪	൩
മാറ്റൂർ	൨	൦	൦
വല്ലം	൦	൦	൦

പാവൂർ. (തുടച്ച്)

	ക.	ണ.	സ.
കുത്തിയതോട് (പഴയ)	൧	൫	൦
കുത്തിയതോട് (പുതിയ)	൩	൫	൦
കുറിപ്പുഴ	൦	൦	൦
കുഴപ്പിള്ളി	൫	൦	൦
ചക്കരക്കടവ്	൦	൦	൦
ചേന്ദമങ്ങലം	൨	൦	൦
ഞാറയ്ക്കൽ	ന്യ	ന്യ	ന്യ
തുരുത്തിപ്പുറം	൧	൦	൦
നെടുങ്ങോട്	൧	൦	൦

മൈലക്കൊമ്പ്.

മൈലക്കൊമ്പ്	ന	൦	൦
അറക്കളം	൦	൦	൦
കടവൂർ	൦	൦	൦
കരിമണ്ണൂർ	൦	൦	൦
കലയന്താനി	൦	൦	൦
കലൂർ	ന	൦	൦
കല്ലാനിക്കൽ	൦	൦	൦
കോടിക്കുളം	ന	൨	൦

	ക.	ണ.	സ.
തെനംകുന്നം	൦	൧൦	൦
നാഗപ്പുഴ	൨	൦	൦
നെയിശ്ശേരി	൫	൦	൦
പൈങ്ങോട്ടൂർ	൦	൦	൦
മുതലക്കോടം	ന	൧൨	൦

വൈക്കം.

വൈക്കം	ന	൦	൦
കുലശേഖരമങ്ങലം	൦	൦	൦
കൊടവെച്ചൂർ	൭	൦	൦
കൊതവറ	൨	൦	൦
ചെമ്പ്	൨	൫	൦
തോട്ടകം	ന	൦	൦
വടയാർ	൭	൦	൦
വല്ലകം	൨	ന്യ	൨
ആരക്കുഴ മാം	൨	൦	൦
ചെങ്ങൽ മാം	ന്യ	൦	൦
കുനമ്മാവു് കൊവേന്ത	൦	൫	ന്യ
ആകെ.	ന്നൂ൦	൦	൧൦

ഈ സംഖ്യകൾ തന്നവർക്കും അതിന്നായി ഉത്സാഹിച്ച ബ. പട്ടക്കാർക്കും ശ്ര. മാപ്പാപ്പാ പ്രത്യേകം ആശീർവ്വാദം തന്നിരിക്കുന്നതായി തിരുമനസ്സിലെ സെക്രട്ടരി കർദിനാൾ അറിയിച്ചിട്ടുണ്ടു്.

സ്ഥലംമാറ്റങ്ങൾ.

———:o:———

൧൦-൧൧-൨൩. കൊച്ചീക്കുന്നേൽ ബ. മത്തായി ക. പുത്തമ്പള്ളി പള്ളിയുടേയും,

നടുവത്തുശേരി ബ. യാക്കോ ക. എറണാകുളം പള്ളിയുടേയും,

പഞ്ഞിക്കാരൻ ബ. കൊച്ചുവുസേപ്പു ക. മഞ്ഞപ്ര പള്ളിയുടേയും,

പുതുപ്പാറ ബ. പത്രോസു ക. ഞാറ്റു പള്ളിയുടേയും,

പാലത്തുങ്കൽ ബ. പൌലോസു ക. മുട്ടത്തു പള്ളിയുടേയും,

നല്ലൂർ ബ. യൌസേപ്പു ക. ആലുവാ പള്ളിയുടേയും,

പാറയ്ക്കൽ ബ. തയ്യൻ ക. തൊഴൂർ പള്ളിയുടേയും,

മുണ്ടാടൻ ബ. തരിയാക്കോസു ക. കുറുപ്പുമ്പടി പള്ളിയുടേയും വികാരിമാരായി നിയമിക്കപ്പെട്ടിരിക്കുന്നു.

വിസീത്താപ്രോഗ്രാം.

൧൯൨൩ ഡിസമ്പർ ൧൫-൦൰ രു മണിക്കു വെച്ചൂർ പള്ളി

» » ൧൬-൦൰ രു മണിക്കു കൊതവറ പള്ളി

» » ൧൭-൦൰ രു മണിക്കു കോക്കമങ്ങലം പള്ളി

» » ൧൮-൦൰ രു മണിക്കു ചാലി പള്ളി

» » ൧൯-൦൰ വൈകുന്നേരം തിരികെ എറണാകുളത്തു അരമനയിൽ എത്തും.

എറണാകുളം, രു-൧൧-൨൩. സെക്രട്ടരി, പയ്യപ്പിള്ളി മത്തായി ക.

PRINTED AND PUBLISHED BY
REV. BRO. FRANCIS AT THE MAR LOUIS MEMORIAL PRESS,
ERNAKULAM.

ഇവിടെ വില്പാനുള്ള പുസ്തകങ്ങൾ

—:o:— ക. ണ. സ.

ആത്മസ്ഥിതി പുസ്തകം.
പുതിയ രീതിയിലുള്ള മാമ്മോദീസാ രജിസ്റ്റർ.
ടി. ടി. മരണ രജിസ്റ്റർ.
ബ വൈദീകരുടെ പത്തുദിവസത്തെ ധ്യാനം. „ ഛ. „
അനുദിനഭോജനം. „ ന. „
വിശുദ്ധ മറിയം ദൈവത്തിന്റെ അമ്മയാണ്. „ ഫ. „
സുറിയാനിക്കുബ്ബാനയും അതിന്റെ ലത്തീൻ തർജ്ജമയും.
വി. ക്രൂശുടെ ചരിത്രസംഗ്രഹം „ ഫ. „

വേദോപദേശം പത്തു പ്രകരണം,
ഒന്നാമണിജപവും, തിരുഹൃദയ ജപമാലയും,
ശുദ്ധീകരാത്മാവുകളെക്കുറിച്ചുള്ള പ്രാർത്ഥനയും, നമസ്കാരങ്ങളും,
മാംസം വർജ്ജിക്കേണ്ട ദിവസങ്ങളും, കടമുള്ള ദിവസങ്ങളും,
ആണ്ടുകുമ്പസാരത്തിന്റെ അവധിയും അടങ്ങിയ
ചെറിയ വേദോപദേശം വില്പാൻ തയ്യാറുണ്ട്.
വില പുസ്തകം ഫ ക്കു ഫ ണ.
ഫാനും ഫ കമ്മീഷൻ കൊടുക്കുന്നതുമാണ്.